ഗുണ്ടാ ആക്രമണം നടത്തുമെന്നുള്ളത് പോലീസ് അറിഞ്ഞിട്ടില്ലേ; ഇല്ലാത്ത ഒരു റിപ്പോർട്ടിന്റെ പേരിൽ യൂണിവേഴ്സിറ്റിയുടെ ലക്ഷക്കണക്കിന് രൂപ സെക്യൂരിറ്റിക്കാരെ നിയമിക്കാനും ക്യാമറ വാങ്ങാനും ചെലവഴിക്കുന്നത് ശരിയാണോ; ഗുണ്ടാ ആക്രമണം നടത്തുമെന്ന് റിപ്പോർട്ട് കിട്ടിയത് സംബന്ധിച്ച് പോലീസിൽ കേസ് കൊടുത്തിട്ടുണ്ടോ എന്നുള്ള കാര്യങ്ങൾ അറിയണം. ഇത്തരത്തിൽ ധിക്കാരപരമായ നടപടികൾ സ്വീകരിക്കുന്ന ഒരു വൈസ് ചാൻസിലറെ പുറത്താക്കി കാലിക്കറ്റ് യൂണിവേഴ്സിറ്റിയെ നാശത്തിൽനിന്നും രക്ഷിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. സ്ത്രീവിരുദ്ധവും ജനവിരുദ്ധവുമായിട്ടുള്ള ഓർഡറാണ് പ്രോ വൈസ് ചാൻസിലർ ഇറക്കിയിട്ടുള്ളത്.

10.31.AM] വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസിലറുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുന്നതിനുവേണ്ടി സർവ്വകലാശാല താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ഒന്ന്, സന്ദർശകർക്ക് ഭരണകാര്യാലയത്തിലേക്കുള്ള പ്രവേശനസമയം നിയന്ത്രിച്ചിട്ടുണ്ട്. പാസ്സുള്ളവരെ മാത്രമേ ഭരണകാര്യാലയത്തിലേക്ക് പ്രവേശിപ്പിക്കുകയുള്ളൂ. കാണേണ്ട ഓഫീസറെ കണ്ടതിനുശേഷം പാസ് തിരിച്ചേൽപ്പിക്കേണ്ടതുമാണ്. രണ്ട്, സന്ദർശകനേയും സന്ദർശകന്റെ ആഗമനോദ്ദേശ്യവും മനസ്സിലാക്കിയ ശേഷമേ വൈസ് ചാൻസിലറുടെ ബ്ലോക്കിലേക്ക് പ്രവേശിപ്പിക്കുകയുള്ളൂ. മൂന്ന്, വൈസ് ചാൻസിലറുടെ ചേമ്പറിലേക്ക് സന്ദർശകവൃന്ദങ്ങളേയും സ്ത്രീ സന്ദർശകരേയും കഴിയുന്നതും നിയന്ത്രിക്കേണ്ടതാണ്. നാല്, പരിദേവനങ്ങളുമായി വരുന്ന വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും രജിസ്ട്രാറേയോ പ്രോ-വൈസ് ചാൻസിലറേയോ കാണാൻ നിർദ്ദേശിക്കുകയും അപൂർവ്വം സന്ദർഭങ്ങളിൽ മാത്രമേ വൈസ് ചാൻസിലറെ കാണാൻ അനുവദിക്കേണ്ടതുള്ളൂ. അഞ്ച്, വൈസ് ചാൻസിലറുടെ ഇടപെടൽ ആവശ്യമാകുന്ന കേസ്സുകളിൽ വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി പ്രസ്തുത കേസ്സുകൾ കേൾക്കുകയും ബന്ധപ്പെട്ട പേപ്പറുകൾ വൈസ് ചാൻസിലറുടെ തീർപ്പിനായി സമർപ്പിക്കേണ്ടതുമാണ്. ഇത്തരത്തിലുള്ള നിയന്ത്രണമല്ലാതെ വൈസ് ചാൻസിലറുടെ ചേമ്പറിലേക്ക് സ്ത്രീകളുടെ പ്രവേശനത്തിന് വിലക്കേർപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല എന്ന് റിപ്പോർട്ടിൽ പറയുന്നു. .....(ബഹളം).....

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിനടുത്തുനിന്ന് മുദ്രാവാക്യം വിളിച്ചു കൊണ്ടിരുന്നു)

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. അബ്ദുൽ കബീർ..... (ബഹളം.....)

11. രോഗിയോ ഡിസ്പെൻസറി

10.31.AM] ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, എന്റെ മണ്ഡലത്തിലെ മങ്കട ഗ്രാമപഞ്ചായത്തിൽ രോഗിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും കുടുംബക്ഷേമവും മേഖലയും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, 2014-15 സാമ്പത്തിക വർഷത്തെ 10.32.AM] ബഡ്ജറ്റിൽ ഒരു കോടിരൂപ വകയിരുത്തിയിട്ടുണ്ട്. നിലവിൽ എൻ.ആർ.എച്ച്.എം. ഡിസ്പെൻസറിയോ സർക്കാർ ഹോമിയോ ഡിസ്പെൻസറിയോ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിനായി ഹോമിയോപ്പതി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിൽ മങ്കട ഗ്രാമപഞ്ചായത്തും ഉൾപ്പെടുന്നുണ്ട്. ഇതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്.... മിനിസ്റ്റർ മറുപടി പറഞ്ഞു കഴിഞ്ഞു. നിങ്ങളുടെ പ്രതിഷേധം മിനിസ്റ്റർക്ക് മനസ്സിലായിക്കഴിഞ്ഞു. ..... (ബഹളം)..... യെസ്...യെസ്.....അതിന് മുന്നിൽ വരേണ്ട കാര്യമില്ല. .....(ബഹളം)..... പ്ലീസ്....പ്ലീസ്....ശ്രീമതി കെ. കെ. രമിക, സീറ്റിലേയ്ക്ക് പോകൂ. മിനിസ്റ്റർ മറുപടി പറയും. ....ശ്രീമതി കെ. കെ. രമിക, പറയുന്നത് കേൾക്കണം..... (ബഹളം)..... നിങ്ങൾക്ക് പ്രശ്നത്തിന് പരിഹാരമല്ലേ വേണ്ടത്, മിനിസ്റ്റർ സംസാരിക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ചാൻസിലർ ഒരു സ്ത്രീ അല്ലേ?

മി. ഡെപ്യൂട്ടി സ്പീക്കർ: നിങ്ങൾക്ക് പ്രശ്നത്തിന് പരിഹാരമല്ലേ വേണ്ടത്. മിനിസ്റ്റർ സംസാരിക്കും. ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ...നിങ്ങൾ ഇപ്പോൾ ഉയർത്തിയ വിഷയത്തിന് മിനിസ്റ്റർ മറുപടി പറയും. നിങ്ങൾ സീറ്റിലിരിക്കണം. പ്ലീസ്....മിനിസ്റ്റർ മറുപടി പറയട്ടെ. ബഹു. എ. കെ. ബാലൻ.....ഇതിന് മിനിസ്റ്റർ മറുപടി പറയണ്ടേ?

ശ്രീമതി കെ. കെ. രമിക: അങ്ങ് മറുപടി കേട്ടതല്ലേ?

മി. ഡെപ്യൂട്ടി സ്പീക്കർ: മിനിസ്റ്റർ അല്ലേ മറുപടി പറയേണ്ടത്. ..... (ബഹളം)..... മിനിസ്റ്റർ ഇനിയും സംസാരിക്കാൻ പോകുന്നു. മിനിസ്റ്ററുടെ മറുപടി നിങ്ങൾക്ക് ആവശ്യമില്ലേ? നിങ്ങൾ ഈ പറഞ്ഞ വിഷയത്തിന് മന്ത്രി മറുപടി പറയും. അതുപോരേ? അവർ സീറ്റിൽ പോയിട്ട് മറുപടി പറഞ്ഞാൽ മതി. സീറ്റിലിരുന്നാൽ മാത്രമേ മറുപടി പറയാൻ കഴിയൂ. നിങ്ങൾ സീറ്റിൽ പോയി ഇരിക്കണം. ബഹുമാനപ്പെട്ട എ.കെ. ബാലൻ, അങ്ങ് സീനിയർ മെമ്പറാണ്. ബഹുമാനപ്പെട്ട വി.എസ്. സുനിൽ കുമാർ, Please go to your seat, please..... please .....സീറ്റിലിരുന്നാൽ മാത്രമേ മറുപടി പറയാൻ പറ്റൂ.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ശ്രീമതി കെ. കെ. രമിക എഴുതിത്തന്ന വിഷയം കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസിലറുടെ ഓഫീസിലേക്ക് വനിതകൾക്ക് പ്രവേശനം നിഷേധിച്ചു എന്നുപറഞ്ഞുകൊണ്ടാണ്. അതുമായി ബന്ധപ്പെട്ടുകൊണ്ട് പ്രവേശനം നിഷേധിച്ചതല്ല, നിയന്ത്രണമേർപ്പെടുത്തിക്കൊണ്ടുള്ള ഒരുപാട് കാര്യങ്ങൾ..... ശ്രീമതി കെ. കെ. രമികയുടെ കയ്യിലും അതിന്റെ കോപ്പിയുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എനിക്ക് കിട്ടിയ വിവരങ്ങളാണ് ഞാൻ പറഞ്ഞത്. പൂർണ്ണമായ നിരോധനമേർപ്പെടുത്തിയിട്ടില്ല. സ്ത്രീകൾക്ക് മാത്രമല്ല.....(ബഹളം)...ഞാൻ പറയട്ടെ. ഞാൻ പറഞ്ഞുകഴിഞ്ഞിട്ട് പറയൂ.

LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീകളുടെ കാര്യത്തിൽ ഏർപ്പെടുത്തിയിട്ടുള്ള അഞ്ചാറ് നിബന്ധനകൾ ഞാൻ വായിച്ചു. ആ നിബന്ധനകളെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സർക്കുലർ അവിടെ വിസി. ഇറക്കിയതാണ്. ഞാൻ അതിനോട് യോജിക്കുന്നില്ല. അത് വേറെ കാര്യം. അവിടെ സ്ത്രീകളുടെ പ്രവേശനം പൂർണ്ണമായി നിരോധിച്ചിരിക്കുന്നു എന്ന് പറഞ്ഞുതന്ന സബ്മിഷനാണ് ഞാൻ മറുപടി തന്നത്. അതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ എന്ത് നടപടി സ്വീകരിക്കണമെന്നുള്ളത് സർക്കാർ ആലോചിക്കും.

12. അവയവദാനം

ശ്രീ. സാജുപോൾ: സർ, സാമ്പ താളവും വോകത്തിന്റെ ഹൃദയതാളവും നിലച്ച ഈ ദുരന്തദിനത്തിൽ വളരെ പ്രധാനപ്പെട്ട ഒരു വിഷയം 10.37.AM] ഇവിടെ അവതരിപ്പിക്കുകയാണ്. ഇന്ത്യയിൽ ആന്തരികാവയവങ്ങൾ കിട്ടാത്തതിനാൽ മിനിട്ടിൽ ഒരാൾ വീതം മരിക്കുകയാണ്. രണ്ടുലക്ഷത്തോളം പേർ അവയവം കാത്തിരിക്കുന്നവരുടെ പട്ടികയിലേക്ക് ഓരോവർഷവും എത്തുകയാണ്. വർഷത്തിൽ ഒരുകോടിയോളം ആളുകൾ മരിക്കുന്ന ഈ രാജ്യത്ത് അഞ്ചുലക്ഷം പേർക്കെങ്കിലും മസ്തിഷ്ക മരണം സംഭവിക്കുമ്പോൾ 80 പേർ മാത്രമാണ് അവയവദാനം നടത്താൻ തയ്യാറാകുന്നത്. അമേരിക്കയിലെ പ്രൊഫസർ നളിനി അമ്പാടി മുതൽ ട്രാഫിക് സിനിമയിലെ സന്ദേശംവരെ വളരെയേറെ ചർച്ച ചെയ്തുപ്പെട്ടിട്ടുള്ളതാണ്. ഞാൻ സമയപ്പുരുക്കംമൂലം അതൊന്നും വിശദീകരിക്കുന്നില്ല. 1994-ൽ പാർലമെന്റ് പാസ്സാക്കിയ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്റ്റിന് 2011-ലും 2013-ലും ഭേദഗതി വരുത്തുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് നമ്മുടെ നാട്ടിൽ അവയവ വ്യാപാരികളും മാഫിയകളും രംഗത്തുണ്ട്. ഇപ്പോൾ കിഡ്നി ടൂറും കിഡ്നി മാരേജും വരെയുണ്ട്. കിഡ്നി ടൂർ ദാതാവിനെയും കൊണ്ട് ടൂർ പോകുക, അതുപോലെ വിവാഹം കഴിഞ്ഞശേഷം വൃക്ക കിട്ടിയതിനെത്തുടർന്ന് വിവാഹബന്ധം വേർപെടുത്തുക. ഇങ്ങനെ ദാരിദ്ര്യത്തിന്റെ പാരമ്യത്തിൽ വിൽപ്പനകളും വാഗ്ദാനലംഘനങ്ങളും നടത്തുന്ന പുഴുക്കളെ നമുക്ക് അവസാനിപ്പിക്കാൻ കഴിയണം. ഇത് തടയുന്നതിന് ഈ രംഗത്ത് മുന്നേറിയ രാജ്യങ്ങളെ നമുക്ക് മാതൃകയാക്കാൻ കഴിയണം. വ്യാപകമായി നടക്കാനുള്ള ഇത്തരം പുഴുക്കളെ തിനെതിരെ അവബോധവും സംസ്കാരവും സൃഷ്ടിക്കണം. നമ്മുടെ നാട്ടിലൊന്ന് ജനസംഖ്യയുള്ള അമേരിക്കയിൽ മുപ്പത്തിനായിരം അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടക്കുന്നുണ്ട്. അവിടെ ഡ്രൈവിംഗ് ലൈസൻസ് കിട്ടണമെങ്കിൽ സമ്മതപത്രം നൽകണം. ഇന്ത്യയിൽ രണ്ടുകോടിയിൽ ഒരാൾ അവയവദാനം നടത്തുമ്പോൾ സ്പെയിനിൽ ഇരുപത്തിനായിരത്തിൽ ഒരാൾ അവയവദാനം നടത്തുന്നു. അതു പോലെ സമ്മതപത്രം നൽകിയില്ലെങ്കിൽ അവയവങ്ങൾ എടുക്കുന്നത് തടയാൻ ബന്ധുക്കൾക്ക് അവകാശമില്ലാത്ത രാജ്യങ്ങൾ സ്പെയിൻ, സിംഗപ്പൂർ, ഓസ്ട്രേലിയ, ബെൽജിയം തുടങ്ങിയവയാണ്. ഐ.സി.യു.-വിൽ സമഗ്രമായി പരിശോധന നടത്തി സ്പെയിനിലെ ട്രാൻസ്പ്ലാന്റ് സർവ്വീസ് ഓർഗനൈസേഷൻ ദാതാക്കളെ കണ്ടെത്തുന്നുണ്ട്. ഇവിടെ സ്വാതി എന്ന കുട്ടിയുടെ മുതൽ അവയവ ദാതാക്കളായ റെയ്നി, സ്റ്റാൻലി അങ്ങനെ ധാരാളം പേരുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly